# വിഷ്ണുസഹസ്രനാമത്തിന്റെ ആരംഭം

**യതോ ധർമസ്തതോ ജയഃ**
**യതഃ കൃഷ്ണസ്തതോ ജയഃ**

ഭൂമുഖത്തിൽ നിലയ്ക്കാതെ പ്രവഹിയ്ക്കുന്ന നദിയെപ്പോലെയാണ് മനുഷ്യജനതയും. നമ്മെ സംബന്ധിച്ചിടത്തോളം എക്കാലവും വറ്റിപ്പോകാതെ നിലകൊള്ളുന്ന ഗംഗാപ്രവാഹംതന്നെ. അത്യുന്നതമായ ഹിമശിഖരത്തിൽ നിന്നാണ് ഗംഗയുടെ ഉദ്ഭവം. അവിടെനിന്ന് ഓടിയിറങ്ങി വളഞ്ഞുംതിരിഞ്ഞും വളരെ ദൂരം പിന്നിട്ടു സമതലത്തിൽ പ്രവേശിയ്ക്കുന്നതോടെയാണ്, ഗംഗാജലത്തിൽ മാലിന്യങ്ങൾ നാലുഭാഗത്തുനിന്നും കുറേശ്ശയായി ഒഴുകിയെത്തുന്നത്.

താഴത്ത് ഓരോ സ്ഥലത്തും കാണുന്ന ഒഴുക്കിന്റെ തുടക്കം എത്രയോ മുകളിലുള്ള മഞ്ഞിൻമലകളിലാണല്ലോ. ഗംഗോത്രിയിൽനിന്നു നിർഗളിയ്ക്കുന്ന അതേജലം ഹരിദ്വാരത്തിലെ പ്രവാഹത്തിലും അലിഞ്ഞമർന്നിരിയ്ക്കുന്നു. എവിടെ നോക്കിയാലും ഇങ്ങനെ ശുദ്ധനിർമലമായ അന്തസ്സത്തയെ ഉള്ളിൽ വഹിച്ചുകൊണ്ടാണ് ഗംഗാനദി സഞ്ചരിയ്ക്കുന്നത്. ഇതുതന്നെയല്ലേ നമ്മുടെ ജനതയുടെ പ്രവാഹത്തിന്റേയും ശരിയായ സ്വഭാവം!

**കഥാശ്രവണവും ധർമസ്വാധീനവും**

കോടാനുകോടി വരുന്ന ജനതയിൽ പവിത്രതാപാത്രങ്ങളായി കുറേപ്പേർ എന്നുമുണ്ടാകും. ചിലപ്പോൾ അവരെ തേടിപ്പിടിയ്ക്കേണ്ടിവരും എന്നുമാത്രം. ഭാരതജനനി ഇക്കാര്യത്തിൽ നിസ്തുലയാകുന്നു. അവരുടെ ആശ്ലേഷത്തിൽ സജ്ജനങ്ങൾക്ക് എന്നും കരുത്തും സ്വാധീനവും കൂടുതലാണ് അനുഭവപ്പെടാറുള്ളത്. പുറത്തു മണ്ണിൽ ഒഴുകുന്ന പവിത്രഗംഗയെപ്പോലെയാണ്, ജനങ്ങളുടെ മനസ്തടത്തിൽ ഭാരതാംബ നിലനിർത്തിപ്പോരുന്ന സംസ്കാരപ്രവാഹവും!

ഈ സത്യം പലേടങ്ങളിലും പലപ്രകാരത്തിലുമായി അതാതു കാലങ്ങളിൽ പ്രകടമാകാറുണ്ട്. ചിലപ്പോൾ അതിവിശിഷ്ടമായ രീതിയിലും തോതിലുമാണ് ധർമസിരകൾ നിർഗളിയ്ക്കാറുള്ളത്. കാലഗതിയിൽപ്പെട്ടു പല മാറ്റങ്ങൾക്കും വിധേയമാകുന്ന ജനതതിയ്ക്ക്, സ്വന്തം മാഹാത്മ്യത്തെക്കുറിച്ച് ഉദ്ബുദ്ധരാകാനുള്ള ഒരേയൊരു മാർഗം, ധർമകഥകളും പൂർവികരുടെ ചെയ്തികളുമാണ്.

കലങ്ങിമറിഞ്ഞൊഴുകുന്ന ഗംഗയെ കാണുന്ന സമതലവാസികൾ,

ആശയോടെ മലകൾ ചവിട്ടിക്കയറി അവസാനം അത്യുച്ചത്തിൽ ഗംഗോത്രിയിൽ ചെന്നെത്തവേ, ആ പ്രവാഹത്തിന്റെ അത്യുത്തുംഗവും അതിനിർമലവുമായ തുടക്കത്തെ നോക്കി ആനന്ദഭരിതരാകുന്നതുപോലെയാണ് ഇത്തരം പൂർവകഥാശ്രവണവും, തുടർന്നുണ്ടാകുന്ന സ്മരണകളും.

ഇതിഹാസകർത്താക്കൾ അവരുടെ രചനമൂലം നമുക്കു പറഞ്ഞു കേൾപ്പിയ്ക്കുന്നത്, നമ്മുടെ സംസ്കാരപ്രവാഹത്തിന്റെ 'ഗംഗോത്രി' യേയും 'ഗോമുഖ'ത്തേയുംപറ്റിത്തന്നെ!

**കുരുക്ഷേത്രത്തിൽ വിരിഞ്ഞ ദ്വിമുഖം**

മഹാഭാരതത്തിൽ സുപ്രധാനമായ രംഗമാണ് കുരുക്ഷേത്രയുദ്ധം. ദീർഘകാലതപസ്സും ക്ലേശങ്ങളുമായിരുന്നു അതിന്നുവേണ്ടി യുധിഷ്ഠിരപ്രഭൃതികൾക്കു സഹിയ്ക്കേണ്ടിവന്നത്. പാണ്ഡവന്മാരെ കള്ളച്ചൂതിൽ തോല്പിച്ചു കാട്ടിലേയ്ക്കയച്ചശേഷം, അവർ എങ്ങാനും തിരിച്ചുവരുകയാണെങ്കിൽ നിശ്ശേഷം നശിപ്പിയ്ക്കാനുള്ള ഗൂഢാലോചനകളുമായി ധൂർത്തടിച്ചു സുഖിയ്ക്കയാണ് ദുര്യോധനനും കൂട്ടരും. ഒരേയുദ്ധം ഇങ്ങനെ രണ്ടു പക്ഷക്കാരെ രണ്ടു വിഭിന്നമാർഗങ്ങളിൽ നിയോഗിച്ചിരിയ്ക്കയാണ്.

ഈ വ്യത്യാസം അന്നത്തെപ്പോലെ ഇന്നും ലോകരിൽ ശക്തമായി കാണാം. ധർമബുദ്ധിയും അതിനനുസരിച്ച നിയന്ത്രണങ്ങളുമായി നീങ്ങുന്നു ഒരു കൂട്ടർ; ഇതു രണ്ടുമില്ലാതെ സ്വാർഥബുദ്ധിയോടെ അത്യാർത്തി പിടിച്ച് എന്തുസാഹസത്തിന്നും തയ്യാറായി നില്ക്കുന്നു വേറൊരു കൂട്ടർ!

വനവാസവും അജ്ഞാതവാസവും കഴിഞ്ഞെത്തിയ പാണ്ഡവർക്കു യുദ്ധം അനിവാര്യമായി. രണ്ടു പക്ഷക്കാരും സൈന്യങ്ങളെ ധൃതിപിടിച്ചൊരുക്കി. അവസാനം ധനുമാസം (മാർഗശീർഷം) ശുക്ലപക്ഷഏകാദശിനാൾ കാർത്തികനക്ഷത്രത്തിലാണ് (ഇതു കലിവർഷം 39-ാമാണ്ട്, ബി. സി. 3067 നവംബർ 22 വെള്ളിയാഴ്ചയാണെന്നു കണക്കാക്കിയിരിയ്ക്കുന്നു) കുരുക്ഷേത്രത്തിൽ ഇരുസൈന്യങ്ങളും വന്നുനിരന്നത്. മുത്തശ്ശനും അജയ്യനുമായ ഭീഷ്മരാണ് ദുര്യോധനപക്ഷത്തിലെ സൈന്യത്തലവൻ. അദ്ദേഹമാണ് സിംഹഗർജനം പുറപ്പെടുവിച്ച് ആദ്യമായി ശംഖുവിളിച്ചത്. കൗരവസേനയാകെ അതിനെത്തുടർന്നു യുദ്ധകാഹളങ്ങൾ മുഴക്കി.

ധൃഷ്ടദ്യുമ്നൻ സൈന്യത്തലവനായിട്ടും ഭീഷ്മരുടെ നേതൃത്വത്തെ

വെല്ലുവിളിച്ചു പ്രതികാഹളത്തിനു തയ്യാറായില്ല. അസന്ദിഗ്ധത പരിഹരിച്ചുകൊണ്ട് തേരാളിയായ കൃഷ്ണനാണ് പാഞ്ചജന്യമെടുത്ത് ഊതിയത്. പാണ്ഡവസേന ഉത്സാഹംപൂണ്ട് പ്രതിശബ്ദങ്ങൾ മുഴക്കിയത് എങ്ങും മാറ്റൊലികൊണ്ടു.

അപ്പോഴാണ് കൗരവപക്ഷത്തലവന്മാരെ നോക്കിക്കണ്ട അർജുനൻ എന്തെന്നില്ലാതെ വിവശനായതും, കൃഷ്ണൻ പാർഥന് ആത്മോപദേശം (ഭഗവദ്ഗീത) നല്കിയതും. അതോടെ പാർഥനിലെ കൊടുങ്കാറ്റു ശമിച്ച് എല്ലാം ശാന്തമായി; എന്നാൽ ഇരുപക്ഷക്കാരേയും വിസ്മയിപ്പിയ്ക്കുന്ന മറ്റൊരു ദൃശ്യം പെട്ടെന്നുണ്ടായി.

## ഇരുസേനയേയും അമ്പരപ്പിച്ച പ്രവൃത്തി

വിവേകവും വീണ്ടുവിചാരവും വേണ്ടത്രയുള്ള യുധിഷ്ഠിരൻ അതാ അമ്പും വില്ലും താഴെ വെച്ച്, പടച്ചട്ട ഊരിമാറ്റി, രഥത്തിൽ നിന്നിറങ്ങി നേരെ കൗരവസൈന്യത്തെ നോക്കി തനിയേ നടക്കുന്നു. അതു കണ്ട് പരിഭ്രമിച്ചുവശായ അർജുനൻ ഓടി പിന്നാലെയെത്തി, മറ്റനുജന്മാർ പുറകെയുമുണ്ട്. എല്ലാവർക്കും പിന്നിൽ കൃഷ്ണനും. അതുവരെ പാർഥന്റെ മുമ്പിലായിരുന്ന തേരാളി, ഇവിടെ ഇതാ പിന്നിലാണ്. ആവശ്യത്തിനൊത്താണല്ലോ മുമ്പോ പിമ്പോ എന്നു നിശ്ചയിയ്ക്കേണ്ടത്.

അർജുനനും മറ്റു മൂന്നുപേരും മാറിമാറി യുധിഷ്ഠിരനോടു ചോദിച്ചു: “രാജാവെ, ഞങ്ങളെയെല്ലാം വിട്ട് അങ്ങ് ഒറ്റയ്ക്കു പോകുന്നത് എങ്ങോട്ടാണ്, സൈന്യത്തെയെല്ലാം നിരാലംബമാക്കി ശത്രുപക്ഷത്തിലേയ്ക്കു നിരായുധനായി ഭവാൻ ചെല്ലുന്നതെന്തിന്? ഞങ്ങൾക്കു ഭയമാകുന്നു. ദയവുചെയ്തു തുറന്നു പറയൂ. എന്താണ് ജ്യേഷ്ഠന്റെ ഉദ്ദേശം?”

ഒരു മറുപടിയും നല്കാതെ യുധിഷ്ഠിരൻ നടന്നുനീങ്ങുകയാണ്. പരിഭ്രമവും ആശങ്കയും വർധിച്ചു വിവശരായ അർജുനനോടും മറ്റു മൂവരോടുമായി അപ്പോൾ ചിരിച്ചുകൊണ്ട് കൃഷ്ണൻ പറഞ്ഞു: “നിങ്ങൾക്കെന്തറിയാം? ശത്രുപക്ഷത്തിൽ മുൻപന്തിയിൽ നില്ക്കുന്നതു ഭീഷ്മനും ദ്രോണനും കൃപനും ശല്യനുമല്ലേ? അവരെ പ്രണമിച്ചു യുദ്ധംചെയ്യാൻ സമ്മതം വാങ്ങാനാണ് ജ്യേഷ്ഠൻ പോകുന്നത്. ഞാൻ പണ്ടേ പറഞ്ഞുകേട്ടിട്ടുണ്ട്: ഗുരുജനങ്ങളുടെ അനുജ്ഞ വാങ്ങാതെ പോർചെയ്താൽ, അവരുടെ ശാപംപറ്റി തോൽവി സംഭവിയ്ക്കും. ധർമപുത്രൻ അതിവിവേകിയാണ്. അതുകൊണ്ട് സമാധാനമായിരിയ്ക്കൂ.”